ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27.07.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) പാരീസ് ഒളിമ്പിക്സിന് തിരി തെളിഞ്ഞു; സെൻ നദിയിൽ വർണപ്പകിട്ടോടെ തുടക്കം; ഇന്ത്യൻ സംഘത്തിന് ആശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

**Paris Olympics lits up with a vibrant and colorful opening ceremony at Seine River; PM Narendra Modi greets the Indian Contigent.**

2) നിതി ആയോഗിന്റെ ഒമ്പതാമത് ഗവേണിംഗ് കൗൺസിൽ യോഗത്തിൽ പ്രധാനമന്ത്രി ഇന്ന് അധ്യക്ഷത വഹിക്കും.

**The Prime Minister will preside over the Ninth Governing Council meeting of NITI Aayog today.**

3) ആസിയാൻ അംഗ രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രിമാരുമായി ചർച്ച നടത്തി കേന്ദ്ര വിദേശകാര്യ മന്ത്രി എസ്.ജയശങ്കർ.

**Union External Affairs Minister S. Jayashankar held discussions with the Foreign Ministers of ASEAN member countries.**

4) കേരളത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ഉത്തേജനം നൽകുന്ന പദ്ധതി പ്രഖ്യാപിച്ച് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം.

**Union Ministry of Rural Development announces scheme to boost infrastructure development in Kerala.**

5) ഇന്ത്യ-ശ്രീലങ്ക ടി -20 പരമ്പരയ്ക്ക് ഇന്ന് തുടക്കം; ഏഷ്യാ കപ്പ് വനിതാ ടി-20 ക്രിക്കറ്റിൽ ഇന്ത്യ-ശ്രീലങ്ക ഫൈനൽ നാളെ.

**India-Sri Lanka T-20 series will begin today; In Asia Cup ¬Women's T20 cricket India-Sri Lanka final will be held tomorrow.**

&&&&&&&&&&&&&&&&&&

## OLYMPICS OPENING CEREMONY (INTRO)

ഫ്രഞ്ച് സംസ്കാരം, സാഹിത്യം, പൈതൃകം എന്നിവ വിളിച്ചോതി, നാല് മണിക്കൂറോളം നീണ്ട വർണ്ണാഭമായ ചടങ്ങുകളോടെ 2024 പാരീസ് ഒളിമ്പിക്സിന് തുടക്കമായി. കനത്തമഴയെ വകവയ്ക്കാതെ വൻജനാവലി ഉദ്ഘാടന ചടങ്ങുകൾക്ക് സാക്ഷ്യം വഹിച്ചു.

ഒരു റിപ്പോർട്ട്......

(വോയിസ്)

## OLYMPICS OPENING CEREMONY (VOICE)

പാരീസിലെ സെൻ നദിയിൽ ഏകദേശം 7,000 അത്‌ലറ്റുകൾ ബോട്ടുകളിൽ പരേഡ് നടത്തിയ പുതുമയാർന്ന ഉദ്ഘാടന ചടങ്ങിൽ, ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോ 2024 ലെ പാരീസ്

ഒളിമ്പിക് ഗെയിംസിന് തിരിതെളിഞ്ഞതായി പ്രഖ്യാപിച്ചു. മൂന്ന് തവണ ജൂഡോ ചാമ്പ്യനായ ടെഡി റയ്നർ ഒളിമ്പിക് ജ്വാലയിലേക്ക് അഗ്നിപകർന്നു. ഒളിമ്പിക് ഗെയിംസിൻ്റെ ചരിത്രത്തിൽ ആദ്യമായാണ്, ഉദ്ഘാടന ചടങ്ങ് പ്രധാന സ്റ്റേഡിയത്തിന് പുറത്ത് ഒരു നദിക്കരയിൽ നടക്കുന്നത്. പി വി സിന്ധുവും ശരത് കമലും ഇന്ത്യൻ സംഘത്തിന് നേതൃത്വം നൽകി. വിവിധങ്ങളായ കലാ പരിപാടികൾ മിഴിവേകിയ ഉദ്ഘാടന ചടങ്ങുകളുടെ ഭാഗമായി 500 നർത്തകർ പോണ്ട് നോത്ര ദാമിനും പാരീസ് സിറ്റി ഹാളിനും ചുറ്റും നൃത്തം അവതരിപ്പിച്ചു. ഫ്രാൻസിലെ മുൻനിര പോപ്പ് താരങ്ങളിലൊരാളായ അയാ നകാമുറയും റിപ്പബ്ലിക്കൻ ഗാർഡിൻ്റെ ഓർക്കസ്ട്രയും പോണ്ട് ഡെ ആർട്സിൽ പരിപാടി അവതരിപ്പിച്ചു. അമേരിക്കൻ ഗായികയും ഗാനരചയിതാവുമായ ലേഡി ഗാഗയുടെ പ്രകടനവും ചടങ്ങിന് മാറ്റുകൂട്ടി. അടുത്ത രണ്ടാഴ്ചയ്ക്കുള്ളിൽ ഒരേ എണ്ണം പുരുഷന്മാരും സ്ത്രീകളും മത്സരിക്കുന്നതിനാൽ, ചരിത്രത്തിലെ ആദ്യത്തെ ലിംഗസമത്വ ഒളിമ്പിക് ഗെയിംസായിരിക്കും പാരീസ് 2024. ഇന്ന് നടക്കാനിരിക്കുന്ന തുഴച്ചിൽ, ഷൂട്ടിങ്, ടെന്നീസ്, ബാഡ്മിന്റൺ, ടേബിൾ ടെന്നീസ്, ഹോക്കി, ബോക്സിങ് എന്നീ ഇനങ്ങളിൽ ഇന്ത്യൻ താരങ്ങൾ മാറ്റുരയ്ക്കും.

ന്യൂസ് ഡെസ്ക് ആകാശവാണി.....

&&&&&&&&&&&&&&&&&&

## PM–PARIS OLYMPICS

പാരീസ് ഒളിമ്പിക്സിൽ പങ്കെടുക്കുന്ന ഇന്ത്യൻ കായിക സംഘത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസകൾ നേർന്നു. ഓരോ കായികതാരവും ഇന്ത്യയുടെ അഭിമാനമാണെന്ന് ശ്രീ മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. എല്ലവാരും ഒളിംപിക്സിൽ തിളങ്ങുകയും കായികക്ഷമതയുടെ യഥാർത്ഥ ചൈതന്യം ഉൾക്കൊള്ളുകയും ചെയ്യുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

&&&&&&&&&&&&&&&&&&

## FRANCE-RAIL ATTACK

പാരീസ് ഒളിമ്പിക്സ് ഉദ്ഘാടന പരിപാടിക്ക് നിമിഷങ്ങൾ ശേഷിക്കെ ഇന്നലെ ഫ്രാൻസിന്റെ അതിവേഗ റെയിൽ ശൃംഖലക്ക് നേരെ ആക്രമണം ഉണ്ടായി. റെയിൽവേ ലൈനിന് തീവെപ്പടക്കമുള്ള സംഭവങ്ങൾ നടന്നതായും ഗതാഗത സംവിധാനത്തെ തടസ്സപ്പെടുത്തിയതായും ഫ്രഞ്ച് റെയിൽവേ കമ്പനി എസ് എൻ സി എഫ് അറിയിച്ചു. യൂറോപ്പിലെ എട്ടുലക്ഷത്തോളം വരുന്ന ഒളിമ്പിക്സ് ആരാധകരുടെ യാത്രയെ സംഭവം സാരമായി ബാധിച്ചു. നിരവധി ട്രെയിൻ സർവീസുകൾ റദ്ദാക്കി. അനിഷ്ടസംഭവങ്ങളുടെ സാഹചര്യത്തിൽ ഫ്രാൻസിൽ സുരക്ഷാ പരിശോധനകൾ ശക്തമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## PM - GOVERNING COUNCIL

നിതി ആയോഗിന്റെ ഒമ്പതാമത് ഗവേണിംഗ് കൗൺസിൽ യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അധ്യക്ഷത വഹിക്കും. ന്യൂഡൽഹിയിലെ രാഷ്ട്രപതിഭവൻ കൾച്ചറൽ സെന്ററിലാണ് യോഗം. ഇന്ത്യയെ ഒരു വികസിത രാഷ്ട്രമാക്കി മാറ്റുന്നതിൽ കേന്ദ്ര ശ്രദ്ധ കേന്ദ്രീകരിച്ച് "വികസിത് ഭാരത്@2047" എന്നതാണ് യോഗത്തിന്റെ പ്രമേയം.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിലുള്ള പങ്കാളിത്തത്തോടെയുള്ള ഭരണവും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും ഗ്രാമ-നഗര ജനസംഖ്യയുടെ ജീവിതനിലവാരം ഉയർത്തുന്നതിനുമാണ് ഗവേണിംഗ് കൗൺസിൽ യോഗം ലക്ഷ്യമിടുന്നതെന്ന് നിതി ആയോഗ് വ്യക്തമാക്കി. വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ സംസ്ഥാനങ്ങളുടെ പങ്കിനെക്കുറിച്ചുള്ള വിശദമായ ചർച്ചകളും യോഗത്തിൽ ഉൾപ്പെടും.

&&&&&&&&&&&&&&&&&&

## PREZ-AUCTION

രാഷ്ട്രപതിക്കും മുൻ രാഷ്ട്രപതിമാർക്കും ലഭിച്ച സമ്മാനങ്ങൾ ഇ-ഉപഹാർ എന്ന ഓൺലൈൻ പോർട്ടലിലൂടെ രാഷ്ട്രപതി ഭവൻ ലേലം ചെയ്യും. ശ്രീമതി ദ്രൗപദി മുർമു രാഷ്ട്രപതിയായി സ്ഥാനമേറ്റ് രണ്ട് വർഷം പൂർത്തിയാകുന്ന വേളയിലാണ് പോർട്ടൽ ആരംഭിച്ചത്. ആദ്യഘട്ടത്തിൽ 250 ഓളം വിശിഷ്ട സമ്മാനങ്ങൾ ലേലം ചെയ്യും. അടുത്ത മാസം 5 മുതൽ 26 വരെയാണ് ലേലം. താൽപ്പര്യമുള്ള വ്യക്തികൾക്ക് upahaar.rashtrapatibhavan.gov.in എന്ന പോർട്ടലിൽ താല്പര്യപത്രം സമർപ്പിക്കാം. ലേലത്തിൽ നിന്ന് ലഭിക്കുന്ന മുഴുവൻ തുകയും നിർധനരായ കുട്ടികളെ സഹായിക്കാൻ നൽകും.

&&&&&&&&&&&&&&&&&&

## JAISHANKAR-FMs

ലാവോസിലെ വിയൻറ്റൈനിൽ വിദേശകാര്യമന്ത്രി എസ്.ജയശങ്കർ ദക്ഷിണ കൊറിയ, സിംഗപ്പൂർ, ഇന്തോനേഷ്യ, മലേഷ്യ വിദേശകാര്യമന്ത്രിമാരുമായി കൂടിക്കാഴ്ച നടത്തി. ആസിയാൻ സഹകരണ സംഘടനയുടെ നേതൃത്വത്തിൽ നടക്കുന്ന വിദേശകാര്യമന്ത്രിമാരുടെ യോഗത്തിന്റെ ഭാഗമായാണ് കൂടിക്കാഴ്ച. ദക്ഷിണ കൊറിയൻ വിദേശകാര്യമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ ഇരു രാജ്യങ്ങളും തമ്മിൽ തന്ത്രപ്രധാനമായ മേഖലകളിൽ സഹകരിക്കുന്നതിൽ ധാരണയായി. സംഘാടക രാജ്യം എന്ന നിലയിൽ ഇന്ത്യ-ആസിയാൻ സഹകരണം പുതിയ തലത്തിലെത്തിക്കുന്നതിൽ സിംഗപ്പൂരിന്റെ പങ്ക് വളരെ വലുതാണെന്ന് ശ്രീ ജയശങ്കർ വ്യക്തമാക്കി. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിനും ധാരണയായി. ഇന്ത്യ - ഇന്തോനേഷ്യ, ഇന്ത്യ -ആസിയാൻ ബന്ധം മെച്ചപ്പെടുത്തുന്നതിൽ ഇന്തോനേഷ്യൻ വിദേശകാര്യമന്ത്രിയുടെ പങ്കിനെ പ്രകീർത്തിച്ച ശ്രീ.ജയശങ്കർ മലേഷ്യൻ

വിദേശകാര്യമന്ത്രിയുമായും വിശദമായ ചർച്ചകൾ നടത്തി. യൂറോപ്യൻ യൂണിയൻ വിദേശകാര്യ ഉന്നത പ്രതിനിധിയുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തിയിരുന്നു.

&&&&&&&&&&&&&&&&&&

## INDIA – ADPC

ഏഷ്യൻ ഡിസാസ്റ്റർ പ്രിപ്പാർഡ്നെസ് സെൻ്ററിൻ്റെ അധ്യക്ഷ സ്ഥാനമേറ്റെടുത്ത് ഇന്ത്യ. ഏഷ്യയിലും പസഫിക് മേഖലയിലും ദുരന്തസാധ്യത കുറയ്ക്കുന്നതിനും കാലാവസ്ഥാ പ്രതിരോധം കെട്ടിപ്പടുക്കുന്നതിനുമുള്ള സഹകരണത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന സ്വയംഭരണാധികാരമുള്ള അന്താരാഷ്ട്ര സംഘടനയാണ് എഡിപിസിയെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അറിയിച്ചു. എട്ട് അയൽരാജ്യങ്ങളായ ബംഗ്ലാദേശ്, കംബോഡിയ, ചൈന, നേപ്പാൾ, പാകിസ്ഥാൻ, ഫിലിപ്പീൻസ്, ശ്രീലങ്ക, തായ്‌ലൻഡ് എന്നിവയ്ക്കൊപ്പം ഇന്ത്യയും എഡിപിസിയുടെ സ്ഥാപക അംഗങ്ങളാണ്. തായ്‌ലൻഡിലെ ബാങ്കോക്കിൽ നടന്ന ചടങ്ങിൽ ദേശീയ ദുരന്ത നിവാരണ അതോറിറ്റി അംഗമായ രാജേന്ദ്ര സിംഗ് ചൈനയിൽ നിന്നും എഡിപിസിയുടെ ഈ വർഷത്തെ അധ്യക്ഷ സ്ഥാനം ഏറ്റെടുത്തു. ദുരന്തസാധ്യത കുറയ്ക്കുന്നതിൽ ഇന്ത്യ ആഗോളതലത്തിലും പ്രാദേശികമായും നേതൃപരമായ പങ്ക് വഹിക്കുന്നുണ്ടെന്ന് മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

## INDIA – US AGREEMENT

ഇന്ത്യയിൽ നിന്നും കടത്തിക്കൊണ്ടുപോയ അമൂല്യവസ്തുക്കൾ തിരികെയെത്തിക്കാനുള്ള സാംസ്കാരിക സ്വത്തവകാശ കരാറിൽ ഇന്ത്യയും അമേരിക്കയും ഒപ്പുവച്ചു. കരാർ പ്രകാരം, പുരാവസ്തുക്കളുടെ അനധികൃത വ്യാപാരം, ഇറക്കുമതി, കയറ്റുമതി, കടത്ത് എന്നിവ തടയുന്നതിനും നിരോധിക്കുന്നതിനും ഇരു

രാജ്യങ്ങളും ഒരുമിച്ച് പ്രവർത്തിക്കും. യു.എസുമായുള്ള ഇന്ത്യയുടെ ആദ്യ സാംസ്കാരിക സ്വത്തവകാശ കരാറാണിത്. കരാർ ചരിത്രപരമാണെന്നും ഇരുരാജ്യങ്ങളും തമ്മിലുള്ള പങ്കാളിത്തം ശക്തിപ്പെടുത്തുമെന്നും ന്യൂഡൽഹിയിൽ നടത്തിയ വാർത്താസമ്മേളനത്തിൽ കേന്ദ്രമന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത് പറഞ്ഞു. കഴിഞ്ഞ വർഷം ഇന്ത്യയിൽ നടന്ന ജി-20 ഉച്ചകോടി മുതൽ യു.എസുമായി ഒരു വർഷം നീണ്ട ചർച്ചയുടെ പശ്ചാത്തലത്തിലാണ് കരാറെന്ന് മന്ത്രി പരാമർശിച്ചു. അതേസമയം, യു.എസിന്റെ 30-ാമത് ഉഭയകക്ഷി സാംസ്കാരിക സ്വത്തവകാശ ഉടമ്പടിയിൽ ഇന്ത്യയ്ക്ക് അർഹമായ വിഹിതം നൽകുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പാണിതെന്ന് ഇന്ത്യയിലെ യു.എസ് അംബാസഡർ എറിക് ഗാർസെറ്റി പറഞ്ഞു.

&&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി സംവദിക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ രാവിലെ 11 മണിക്ക്. മൻ കി ബാത്തിൻറെ 112-ാം പതിപ്പാണിത്. ദൂരദർശൻറെയും ആകാശവാണിയുടെയും എല്ലാ ശൃംഖലകളിലും പരിപാടി തത്സമയം പ്രക്ഷേപണം ചെയ്യും. തുടർന്ന് പ്രാദേശിക പരിഭാഷയും ഉണ്ടായിരിക്കും.

&&&&&&&&&&&&&&&&&&

## APJ ABDUL KALAM

മുൻ രാഷ്ട്രപതി എപിജെ അബ്ദുൾ കലാമിന്റെ ഓർമ്മകൾക്ക് ഇന്ന് ഒമ്പതാണ്ട്. സ്വപ്നം കാണാൻ യുവതയോട് ആഹ്വാനം ചെയ്ത, എക്കാലത്തെയും ജനകീയ രാഷ്ട്രപതിയായിരുന്നു അവുൾ പക്കീർ ജൈനുലബ്ദീൻ അബ്ദുൾ കലാം എന്ന എപിജെ അബ്ദുൾ കലാം. ഇന്ത്യയുടെ പതിനൊന്നാമത്തെ രാഷ്ട്രപതിയായിരുന്നു അദ്ദേഹം. മിസൈൽ സാങ്കേതിക വിദ്യയിൽ അദ്ദേഹത്തിന്റെ

സംഭാവനകൾ പരിഗണിച്ച മിസൈൽ മാൻ ഓഫ് ഇന്ത്യ എന്നും അദ്ദേഹം അറിയപ്പെട്ടു. മുപ്പതോളം സർവ്വകലാശാലകളിൽ നിന്നും ഓണററി ഡോക്ടറേറ്റ്, രാജ്യത്തെ പരമോന്നത സിവിലിയൻ ബഹുമതികൾ എന്നിങ്ങനെ അദ്ദേഹത്തെ തേടിയെത്തിയ അംഗീകാരങ്ങളും ബഹുമതികളും നിരവധിയാണ്. 2015 ൽ ആയിരുന്നു അദ്ദേഹത്തിന്റെ അന്ത്യം.

&&&&&&&&&&&&&&&&&&

## KERALA ROAD-PMGSY-III

കേരളത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ഉത്തേജനം നൽകുന്ന പദ്ധതി പ്രഖ്യാപിച്ച് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം. 159.86 കിലോമീറ്റർ ദൈർഘ്യമുള്ള 33 റോഡുകളാണ് പ്രധാൻ മന്ത്രി ഗ്രാം സഡക് യോജനയുടെ കീഴിൽ അനുവദിച്ചത്. 160.56 കോടി രൂപയുടെ നിക്ഷേപം ആണ് ഇതിലൂടെ പ്രതീക്ഷിക്കുന്നത്. വിദൂര ഗ്രാമങ്ങളും നഗര കേന്ദ്രങ്ങളും തമ്മിലുള്ള വ്യത്യാസം നികത്തി ഗ്രാമപ്രദേശങ്ങളിലെ കണക്റ്റിവിറ്റി വർദ്ധിപ്പിക്കും. മേഖലയിലെ സാമ്പത്തിക വികസനം, വ്യാപാരം, വാണിജ്യം എന്നിവ പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

&&&&&&&&&&&&&&&&&&

## DOCUMENTRY FIL FESTIVAL

അന്താരാഷ്ട്ര ഡോക്യുമെന്ററി ഹ്രസ്വ ചിത്ര മേള അതിജീവനത്തിനായി പോരാടുന്ന പലസ്തീൻ ജനതയ്ക്കുള്ള കേരളത്തിൻ്റെ ഐക്യദാർഢ്യമാണെന്ന് മന്ത്രി എം.ബി. രാജേഷ്. പതിനാറാമത് രാജ്യാന്തര ഡോക്യുമെന്ററി, ഹ്രസ്വചിത്രമേള തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## WOMEN S ASIA CUP

ഏഷ്യാ കപ്പ് വനിതാ ടി-20 ക്രിക്കറ്റിൽ ഫൈനലിൽ കടന്ന് ശ്രീലങ്ക. രണ്ടാം സെമിയിൽ പാക്കിസ്ഥാനെ 3 വിക്കറ്റിന് പരാജയപ്പെടുത്തിയാണ് ശ്രീലങ്കയുടെ ഫൈനൽ പ്രവേശം. 141 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ലങ്കൻ വനിതകൾ 3 വിക്കറ്റും ഒരു പന്തും ശേഷിക്കെ ലക്ഷ്യത്തിലെത്തി. നാളെ നടക്കുന്ന ഫൈനലിൽ ഇന്ത്യയും ശ്രീലങ്കയും ഏറ്റുമുട്ടും. ആദ്യ സെമിയിൽ ബംഗ്ലാദേശിനെ പത്ത് വിക്കറ്റിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ ഫൈനലിൽ എത്തിയത്.

&&&&&&&&&&&&&&&&&&

## CRICKET- IND VS SL

മൂന്ന് മത്സരങ്ങളുള്ള ടി20 പരമ്പരയുടെ ഉദ്ഘാടന മത്സരത്തിൽ ഇന്ത്യ ഇന്ന് ശ്രീലങ്കയെ നേരിടും. ശ്രീലങ്കയിലെ പല്ലേക്കെലെ അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ വൈകിട്ട് 7 നാണ് മത്സരം.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&